# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **1643** **5/12/2014** ൽ മറുപടിയ്ക്ക്

## റബ്ബർ വിലയിടിവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ. ബാലൻ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) റബ്ബർ വിലയിടിവിനെ തുടർന്ന് പ്രതിസന്ധിയിലായ റബ്ബർ കർഷകരെ സഹായിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ; | (എ) സ്വാഭാവിക റബ്ബറിന്റെ വില വളരെ താഴ്ന്നു നിൽക്കുന്ന സാഹചര്യത്തിൽ കേരളത്തിലെ റബ്ബർ കർഷകരെ സഹായിക്കുന്നതിന് വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് 25/2/2014 തീയതിയിലെ സ.ഉ(എംഎസ്) നമ്പർ 56/2014/കൃഷി പ്രകാരം ഉത്തരവായിട്ടുണ്ട്. റബ്ബർ സംഭരണം ആരംഭിച്ചപ്പോൾ കോട്ടയം വിപണിയുടെ ദൈനംദിന വിപണിവിലയിൽ നിന്നും കിലോയ്ക്ക് 2 രൂപ കൂടുതൽ നൽകി ആർ എസ് എസ് 4 ഗ്രേഡിലുള്ള റബ്ബറാണ് സംഭരിച്ചിരുന്നത്. എന്നാൽ 13/10/2014 തീയതിയിലെ സ.ഉ(എംഎസ്) നമ്പർ 232/2014/കൃഷി പ്രകാരം ആർ എസ് എസ് 5 ഗ്രേഡിലുള്ള റബ്ബർ കർഷകരിൽ നിന്നും സംഭരിക്കുവാൻ ഉത്തരവാകുകയും തുടർന്ന് 6/11/2014 തീയതിയിലെ സ.ഉ(എംഎസ്) നമ്പർ 254/2014/കൃഷി പ്രകാരം റബ്ബർ കർഷകരെ സഹായിക്കുന്നതിന് വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് റബ്ബർബോർഡിന്റെ കോട്ടയം വിപണിയുടെ ദൈനംദിന വിപണിയിൽ നിന്നും കിലോയ്ക്ക് 5/- രൂപ കൂടുതൽ നൽകി ആർ എസ് എസ് 4, ആർ എസ് എസ് 5 ഗ്രേഡുകളിലുള്ള റബ്ബർ സംഭരിക്കുവാൻ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. |

(ബി) സർക്കാർ നേരിട്ട് റബ്ബർ സംഭരിക്കാൻ എത്ര രൂപ മാറ്റി വച്ചു. എത്ര റബ്ബർ സംഭരിച്ചു;

(ബി) കൃഷി വകുപ്പിന്റെ ‘വിലസ്ഥിരതയ്ക്ക് വേണ്ടി വിപണിയിൽ ഇടപെടൽ (പദ്ധതി) 2014-15’ എന്ന ശീർഷകത്തിൽ നിന്നും 10 കോടി രൂപ അധിക ധന അനുമതിയിലൂടെ റബ്ബർ സംഭരണത്തിന് അടിയന്തിരമായി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുകയിൽ നിന്നും 5 കോടി രൂപ വീതം സംഭരണ ഏജൻസികളായ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷനും (റബ്ബർമാർക്ക്) കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിനും (മാർക്കറ്റ്ഫെഡ്) അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 27/11/2014 വരെ റബ്ബർമാർക്ക് 585.5 ടണ്ണും മാർക്കറ്റ്ഫെഡ് 390.8 ടണ്ണും ഉൾപ്പെടെ ആകെ 976.3 ടൺ റബ്ബർ സംഭരിച്ചിട്ടുണ്ട്.

(സി) എത്ര രൂപയാണ് ഇപ്പോൾ മാർക്കറ്റിലെ റബ്ബർ വില; എത്ര രൂപയ്ക്കാണ് സർക്കാർ സംഭരിക്കുന്നത്;

(സി) റബ്ബറിന്റെ മാർക്കറ്റ് വില ഇപ്പോൾ (29/11/14) കിലോയ്ക്ക് 117.00 രൂപയാണ്. റബ്ബർബോർഡിന്റെ കോട്ടയം വിപണിയുടെ ദൈനംദിന വിപണിയിൽ നിന്നും കിലോയ്ക്ക് 5/- രൂപ കൂടുതൽ നൽകിയാണ് റബ്ബർ സംഭരണം നടത്തുന്നത്.

(ഡി) റബ്ബറിന് സർക്കാർ തറവില നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപയാണ് സർക്കാർ നിശ്ചയിച്ച തറവില;

(ഡി) ഇല്ല

(ഇ) റബ്ബർ കർഷകർക്ക് കാർഷിക സബ്സിഡി നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ;

(ഇ) റബ്ബർ വിളയുടെ ഉല്പാദനം, വിപണനം സംബന്ധിച്ച പദ്ധതികൾ നടപ്പിലാക്കുന്നത് റബ്ബർ ബോർഡ് മുഖേനയാണ്. റബ്ബറിന്റെ പരമ്പരാഗതമായ സ്ഥലങ്ങളിൽ ഹെക്ടറിന് 25000 രൂപ പരമ്പരാഗതമല്ലാത്ത സ്ഥലങ്ങളിൽ ഹെക്ടറിന് 35000 രൂപ എന്ന ക്രമത്തിലാണ് റബ്ബർ ബോർഡ് നടീലിനായി സബ്സിഡി നിൽകിവരുന്നത്.

(എഫ്) റബ്ബർ കർഷകരുടെ ആവശ്യം പരിഗണിച്ച് റബ്ബർ ഇറക്കുമതി തീരുവ വർദ്ധിപ്പിക്കണമെന്ന് സംസ്ഥാനം കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുമോ?

(എഫ്) ആവശ്യപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ